**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 437** **21-03-2025 - ൽ മറുപടിയ്ക്ക്**

**ടൈപ്പ് വൺ ഡയബറ്റിസ് ബാധിച്ച കുട്ടികൾക്ക് സമഗ്ര പരിരക്ഷ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ,<br>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ,<br>ശ്രീ. കെ. എം. സച്ചിൻദേവ്,<br>ശ്രീമതി കാനത്തിൽ ജമീല | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | ടൈപ്പ് വൺ ഡയബറ്റിസ് ബാധിച്ച കുട്ടികൾക്ക് സമഗ്ര പരിരക്ഷ നൽകുന്നതിന് പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (എ) | ടൈപ്പ് വൺ ഡയബറ്റിസ് ബാധിച്ച കുട്ടികൾക്ക് സമഗ്ര പരിരക്ഷ നൽകുന്നതിന് പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്. വിശദാംശം **അനുബന്ധ**മായി ചേർക്കുന്നു. |
| (ബി) | ഈ സർക്കാരിന്റെ കാലത്ത് പ്രസ്തുത പദ്ധതിയുടെ ഭാഗമായി എത്ര പേർക്ക് എന്തെല്ലാം സഹായം ലഭ്യമാക്കിയിട്ടുണ്ടെന്ന് വിശദമാക്കുമോ; | (ബി) | ഈ സർക്കാരിന്റെ കാലത്ത് ഇതുവരെ 928 ഗുണഭോക്താക്കളെ മിഠായി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. മിഠായി പദ്ധതിയിലെ ഓരോ ഗുണഭോക്താവിനും സൗജന്യമായി ചികിത്സയും മരുന്നും (ഇൻസുലിൻ) മറ്റു ചികിത്സ ഉപകരണങ്ങളും (ഇൻസുലിൻ പേന, പേന നീഡിൽ, ഗ്ലൂക്കോമീറ്റർ, സ്ട്രിപ്പ്, ലാൻസെറ്റ്, ബ്രിട്ടിൽ ഡയബെറ്റീസ് ബാധിതർക്ക് ഇൻസുലിൻ പമ്പ്) മിഠായി ക്ലിനിക്കുകൾ മുഖേന നൽകി വരുന്നു.<br><br>6 ലക്ഷം രൂപ വീതം വിലവരുന്ന ഇൻസുലിൻ പമ്പ് 7 പേർക്ക് നൽകിയിട്ടുണ്ട്. അതിന്റെ കൺസ്യൂമബിൾസിനായി മാത്രം പ്രതിമാസം 23,033/- രൂപയുടെ ആനുകൂല്യം മിഠായി പദ്ധതി മുഖേന ഇൻസുലിൻ പമ്പ് ഗുണഭോക്താവിന് ലഭ്യമാക്കുന്നുണ്ട്. |
| (സി) | പ്രസ്തുത പദ്ധതിയുടെ ഭാഗമായി പ്രത്യേക 'മിഠായി' സാറ്റലൈറ്റ് സെന്ററുകൾ സ്ഥാപിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ? | (സി) | നിലവിൽ മിഠായി പദ്ധതിയുടെ കീഴിൽ 9 സാറ്റ ലൈറ്റ് സെന്ററുകൾ പ്രവർത്തിച്ചുവരുന്നുണ്ട്.<br><br>1.ഗവ.മെഡിക്കൽ കോളേജ് ആശുപത്രി, എറണാകുളം<br><br>2. ഗവ.മെഡിക്കൽ കോളേജ് ആശുപത്രി, കണ്ണൂർ<br><br>3. ഗവ.വിക്ടോറിയ ആശുപത്രി, കൊല്ലം<br><br>4.ഗവ.ജില്ലാ ആശുപത്രി,കോഴഞ്ചേരി, പത്തനംതിട്ട |

| | | | |
|---|---|---|---|
| | | | 5. ഗവ. താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ഹോസ്പിറ്റൽ, അടിമാലി, ഇടുക്കി<br>6. ഗവ.ഡബ്ല്യു & സി ഹോസ്പിറ്റൽ, പാലക്കാട്<br>7.ഗവ.ജില്ലാ ആശുപത്രി, പെരിന്തൽമണ്ണ, മലപ്പുറം<br>8. ഗവ.ജനറൽ ഹോസ്പിറ്റൽ, കൽപ്പറ്റ, വയനാട്<br>9.ഗവ.ജില്ലാ ആശുപത്രി, കാഞ്ഞങ്ങാട്, കാസർകോട് |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

സാമൂഹ്യനീതി വകുപ്പ്, കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന ടൈപ്പ് 1 പ്രമേഹം ബാധിച്ച കുട്ടികൾക്കും കൗമാരക്കാർക്കും പരിചരണം നല്കുന്നതിന് ആരംഭിച്ച സമഗ്ര സാമൂഹികാധിഷ്ഠിത പദ്ധതിയാണ് മിഠായി. ടൈപ്പ് 1 പ്രമേഹരോഗം ബാധിച്ചവർക്ക് ഇൻസുലിൻ പെൻ, ഇൻസുലിൻ പമ്പ് തുടങ്ങിയവ ഉപയോഗിച്ചുള്ള ആധുനിക ചികിത്സയും ആരോഗ്യ, ചികിത്സ, ഭക്ഷണകാര്യ ഉപദേശങ്ങളും പരിരക്ഷയും നൽകുന്ന പദ്ധതികൂടിയാണ് മിഠായി. കുട്ടികൾക്ക് കൗൺസിലിംഗും മാതാപിതാക്കൾക്ക് പരിശീലനവും മറ്റ സാമൂഹ്യ സുരക്ഷാ സംവിധാങ്ങളും ഉൾപ്പെടെ ആറ് ഘട്ടങ്ങൾ ഉൾപ്പെട്ട ഒരു ബൃഹത് പദ്ധതികൂടിയാണിത്. ടൈപ്പ് 1 പ്രമേഹം ബാധിച്ച 18 വയസ്സ് വരെയുള്ള കുട്ടികൾക്ക് പദ്ധതിയിലൂടെ സേവനം നൽകുന്നു. പ്രത്യേക സോഫ്റ്റ്‌വെയർ (www.mittayi.org) വഴിയാണ് രജിസ്ട്രേഷനും തുടർ നടപടികളും സ്വീകരിച്ചുവരുന്നത്. തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, കോഴിക്കോട് എന്നീ ജില്ലകളിലെ സർക്കാർ മെഡിക്കൽ കോളേജുകളിൽ മിഠായി മെയിൻ ക്ലിനിക്കുകളും, മെയിൻ ക്ലിനിക്കുകൾ ഇല്ലാത്ത ജില്ലകളിലെ താഴെപ്പറയുന്ന ആശുപത്രികളിൽ 9 ഉപകേന്ദ്രങ്ങളും പ്രവർത്തിക്കുന്നു.

1.ഗവ.മെഡിക്കൽ കോളേജ് ആശുപത്രി, എറണാകുളം
2. ഗവ.മെഡിക്കൽ കോളേജ് ആശുപത്രി, കണ്ണൂർ
3. ഗവ.വിക്ടോറിയ ആശുപത്രി, കൊല്ലം
4.ഗവ.ജില്ലാ ആശുപത്രി,കോഴഞ്ചേരി, പത്തനംതിട്ട
5. ഗവ. താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ഹോസ്പിറ്റൽ, അടിമാലി, ഇടുക്കി
6. ഗവ.ഡബ്ല്യു & സി ഹോസ്പിറ്റൽ, പാലക്കാട്
7.ഗവ.ജില്ലാ ആശുപത്രി, പെരിന്തൽമണ്ണ, മലപ്പുറം
8. ഗവ.ജനറൽ ഹോസ്പിറ്റൽ, കൽപ്പറ്റ, വയനാട്
9.ഗവ.ജില്ലാ ആശുപത്രി, കാഞ്ഞങ്ങാട്, കാസർകോട്

മിഠായി പദ്ധതിയിൽ കുട്ടികൾക്ക് നൽകുന്നത് വേദനയില്ലാത്തതും എളുപ്പത്തിൽ ഉപയോഗിക്കാൻ പറ്റുന്നതുമായ ആധുനിക പെൻ ഇൻസുലിനാണ്. ഇതുവരെ 1908 കുട്ടികൾക്ക് മിഠായി പദ്ധതി കൈത്താങ്ങായിട്ടുണ്ട്.

മിഠായി പദ്ധതിയിലെ ഓരോ ഗുണഭോക്താവിനും സൗജന്യമായി ചികിത്സയും മരുന്നും (ഇൻസുലിൻ) മറ്റ ചികിത്സ ഉപകരണങ്ങളും (ഇൻസുലിൻ പേന, പേന നീഡിൽ, ഗ്ലൂക്കോ മീറ്റർ, സ്ട്രിപ്പ്, ലാൻസെറ്റ്, ബ്രിട്ടിൽ ഡയബെറ്റീസ് ബാധിതർക്ക് ഇൻസുലിൻ പമ്പ്) മിഠായി ക്ലിനിക്കുകൾ മുഖേന നൽകി വരുന്നു. 6 ലക്ഷം രൂപ വീതം വിലവരുന്ന ഇൻസുലിൻ പമ്പ് 12 പേർക്ക് നൽകിയിട്ടുണ്ട്. അതിന്റെ കൺസ്യൂമബിൾസിനായി മാത്രം പ്രതിമാസം 23,033/- രൂപയുടെ ആനുകൂല്യം മിഠായി പദ്ധതി മുഖേന ഇൻസുലിൻ പമ്പ് ഗുണഭോക്താവിന് ലഭ്യമാക്കുന്നുണ്ട്. ഈ സർക്കാരിന്റെ കാലത്ത് ഇതുവരെ 928 ഗുണഭോക്താക്കളെ മിഠായി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ 6 ലക്ഷം രൂപ വീതം വിലവരുന്ന ഇൻസുലിൻ പമ്പ് 7 പേർക്ക് നൽകിയിട്ടുണ്ട്.

പീഡിയാട്രീഷ്യൻ, നഴ്സ്, ഡയറ്റിഷ്യൻ എന്നിവരുടെ സേവനത്താൽ ചികിത്സയും ആരോഗ്യ, ഭക്ഷണകാര്യ ഉപദേശങ്ങളും പരിരക്ഷയും പദ്ധതിയിലൂടെ നൽകുന്നുണ്ട്. 18 വയസ്സ് വരെ പ്രായമുള്ള കുട്ടികളെയാണ് മിഠായി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. 18 വയസ്സ് പൂർത്തിയാകുമ്പോൾ തുടർ ചികിത്സ നാഷണൽ ഹെൽത്ത് മിഷന്റെ സഹകരണത്താൽ എൻ.സി.ഡി ക്ലിനിക്കുകൾ മുഖേന ലഭ്യമാക്കാൻ വേണ്ട നടപടി സ്വീകരിക്കുവാനും മിഠായി സ്റ്റേറ്റ് ടെക്നിക്കൽ കമ്മിറ്റിയിൽ തീരുമാനമായിട്ടുണ്ട്, അതുപ്രകാരമുള്ള എൻ.സി.ഡി ക്ലിനിക്കുകൾ തുടങ്ങുന്നതിനു NHM നടപടികൾ സ്വീകരിച്ചു വരുന്നു.

**അർഹത മാനദണ്ഡം**

1. പദ്ധതി അപേക്ഷ ഓൺലൈൻ മുഖേനയാണ് സ്വീകരിക്കുന്നത്. www.mittayi.org എന്ന വെബ്സൈറ്റ് വഴി പദ്ധതിയിൽ രജിസ്റ്റർ ചെയ്യാവുന്നതാണ്.

2. 18 വയസ്സിന് താഴെ പ്രായമുള്ളവരായിരിക്കണം പദ്ധതി ഗുണഭോക്താക്കൾ.

3. അപേക്ഷകന്റെ വാർഷിക കുടുംബ വരുമാനം 2 ലക്ഷത്തിൽ താഴെ ആയിരിക്കണം.

4.അപേക്ഷകൻ/രക്ഷകർത്താവ് കേരളത്തിലെ സ്ഥിരതാമസക്കാരായിരിക്കണം.

5. Type 1 ഡയബറ്റിസ് രോഗ നിർണയത്തെ കുറിച്ചും പദ്ധതിയുടെ കീഴിൽ ശുപാർശ ചെയ്യുന്ന ചികിത്സാരീതിയെ കുറിച്ചും എംപാനൽഡ് ഡോക്ടർ കുട്ടി/ കൗമാരക്കാർക്ക് സർട്ടിഫിക്കറ്റ് നൽകിയിരിക്കണം.

6.ചികിത്സ ആരംഭിക്കുന്നതിന് മുൻപ് കുട്ടിയുടെ/കൗമാരക്കാരുടെ മാതാപിതാക്കൾ ടി വിവരം അറിഞ്ഞുള്ള സമ്മതപത്രത്തിൽ ഒപ്പിടാൻ തയ്യാറായിരിക്കണം.

7.കുട്ടിയുടെ/കൗമാരക്കാരുടെ മാതാപിതാക്കൾ റെസിഡൻഷ്യൽ ഡയബറ്റിക് ക്യാമ്പുകൾ ഉൾപ്പെടെയുള്ള നിർബന്ധിത പരിശീലനത്തിന് തയ്യാറായിരിക്കണം.